## ചോദ്യോത്തരം
**മുജീബ്**

# അന്ന് പറഞ്ഞത്

■ *"...ഇത്തരുണത്തിൽ മുസ്‌ലിംകൾക്കും ഒരു കാര്യം ഗ്രഹിക്കേണ്ടതുണ്ട്. അവരുടെ സമ്പത്തും ശരീരവും അഭിമാനവും സംരക്ഷിക്കാൻ ഇന്ത്യൻ ഭരണഘടനയുടെ ഖണ്ഡികകൾക്കു സാധിക്കുമെന്ന് അവർ ധരിച്ചുവെച്ചിട്ടുണ്ടെങ്കിൽ ആ ധാരണ തിരുത്താൻ സമയം വൈകിയിരിക്കുന്നു. സൈനിക പരിശീലനം സിദ്ധിച്ച അഞ്ചുലക്ഷം ആർ.എസ്.എസ് വളണ്ടിയർമാരുടെയും അതിലധികം വരുന്ന ജനസംഘം, ഹിന്ദു മഹാസഭ, ശിവസേന തുടങ്ങിയ സേനകളുടെയും ചന്ദ്രഹാസത്തിനു മുമ്പിൽ ഭയവിഹ്വലരായി ശിരസ്സു കാണിക്കാൻ ഇസ്‌ലാം അവരെ പഠിപ്പിക്കുന്നില്ല. അസ്തശക്തരായി, നിർവീര്യമായി ജീവിക്കുന്ന ഒരു വിഭാഗം മർദിതർ, ഇതൊക്കെ സഹിക്കുന്നത് സമാധാനത്തിന്റെ പേരിലാണെന്നു പറഞ്ഞാൽ, മർദകർക്കു പൊട്ടിച്ചിരിക്കാൻ മാത്രമേ അതു വകനൽകൂ. വെട്ടാൻ വരുന്ന പോത്തിനോടു വേദാന്തമോതണമെന്ന് അനുശാസിക്കുന്ന ഒരു നീതിശാസ്ത്രവും ലോകത്തില്ല.......*

*മുസ്‌ലിം രക്തം ഊറ്റിക്കുടിച്ചു മതിമത്തരായി പിശാചുക്കൾ പൊട്ടിച്ചിരിക്കുമ്പോൾ മുസ്‌ലിംകൾ നിഷ്ക്രിയരായി നോക്കിനിന്നു വിലപിക്കുകയാണെങ്കിൽ ആ വിലാപം കേൾക്കാൻ ഇവിടെ കാതുകളില്ലെന്ന കാര്യം ഇനിയും അവർ വിസ്മരിക്കരുത്....."*

*(പ്രബോധനം മാസിക, ലക്കം 4, പുസ്തകം 31, 1970 ജൂൺ)*
*മുജീബിന്റെ പ്രതികരണം?*

***നാസർ, പറമ്പിൽപീടിക***

**എൻ.**ഡി.എഫ് 'പ്രതിരോധം അപരാധമല്ല' എന്ന ബാനറിൽ നടത്തിക്കൊണ്ടിരിക്കുന്ന കാമ്പയിന് ശക്തിപകരാൻ സ്വന്തം മുഖപത്രത്തിൽ പുനഃപ്രസിദ്ധീകരിച്ചതാണ് *പ്രബോധനം* മാസികയിലെ ഉപര്യുക്ത ലേഖനം (*തേജസ്* ദ്വൈവാരിക 2007 ഏപ്രിൽ 16-30). പക്ഷേ, 37 വർഷങ്ങൾക്കു മുമ്പ് കെ.എ *പ്രബോധനം* മാസികയിലെഴുതിയ ലേഖനത്തിലെ വാദഗതികൾ രണ്ട് കാരണങ്ങളാൽ അവരുടെ രക്ഷക്കെത്തുന്നില്ല: ഒന്നാമതായി, കൃത്യവും വ്യക്തവുമായ നയപരിപാടികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ച് തദടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. നാല് വർഷത്തിലൊരിക്കൽ പുനഃപരിശോധിച്ചുവരാറുള്ള ഈ നയപരിപാടികളിൽ ഒരിക്കൽപോലും എൻ.ഡി.എഫ് മുന്നോട്ടുവെക്കുന്ന പ്രതിരോധം ജമാഅത്തിന്റെ നയമോ പരിപാടിയോ ആയിരുന്നിട്ടില്ല. അതിനർഥം പലപ്പോഴായി രാജ്യത്തിന്റെ പലഭാഗങ്ങളിലും ഭീകര വർഗീയാക്രമണങ്ങൾ മുസ്‌ലിംകൾക്കെതിരെ നടമാടിയിട്ടും സായുധ പ്രതിരോധം സംഘടനയുടെയോ സമുദായത്തിന്റെയോ അജണ്ടയായി പ്രസ്ഥാനം അംഗീകരിച്ചിട്ടില്ലെന്നാണ്. മറിച്ച്, പ്രതിരോധക്കാർ പരിഹസിക്കുന്ന പ്രബോധനവും 'പുസ്തകവിൽപന'യും ഒക്കെയാണ് ജമാഅത്തിന്റെ പരിപാടികളിൽ സ്ഥലം പിടിച്ചത്. അതിനാൽ അന്നും ഇന്നും സംഘടന പറഞ്ഞുകൊണ്ടിരുന്നത് ഒന്ന് തന്നെയാണ്, മാറ്റം ഉണ്ടായിട്ടില്ല.

രണ്ടാമതായി, ഗുജറാത്തിന്റെ തലസ്ഥാനമായ അഹ്മദാബാദിൽ 1969-ലെ ഗാന്ധിജയന്തി നാളിൽ മുസ്‌ലിം ന്യൂനപക്ഷത്തിനെതിരെ അരങ്ങേറിയ ഭീകര വർഗീയ കലാപത്തിന്റെയും പിന്നീട് മഹാരാഷ്ട്രയിലുണ്ടായ കലാപങ്ങളുടെയും പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ് *പ്രബോധനം* മാസികയിലെ ഉപര്യുക്ത ലേഖനമെന്ന് അതിൽതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഭീരുത്വം ഉപേക്ഷിച്ച് ആത്മരക്ഷക്ക് വഴിതേടാൻ ഇരകളോടുള്ള ആഹ്വാനമാണ് അതിന്റെ അന്തസ്സത്ത. ആത്മരക്ഷ മതങ്ങളും മതേതര ദർശനങ്ങളും ഭരണഘടനകളുമെല്ലാം എക്കാലത്തും അംഗീകരിച്ചുവന്ന മൗലികാവകാശമാണ്. അതു പക്ഷേ, രാജ്യത്ത് വർഗീയ ധ്രുവീകരണം സൃഷ്ടിക്കാനോ മിലീഷ്യകൾ ഉണ്ടാക്കി ആഭ്യന്തരകലഹം ഉണ്ടാക്കാനോ ഉള്ള ആഹ്വാനമല്ല. *പ്രബോധനം* മാസികയിലെ പ്രസ്തുത ലേഖനത്തിന്റെ അവസാനഭാഗത്തുനിന്നുതന്നെ അക്കാര്യം വ്യക്തമാണ്:

"മുസ്‌ലിംകൾ അണുത്തൂക്കമെങ്കിലും അക്രമം പ്രവർത്തിക്കണമെന്ന് ഇപ്പറഞ്ഞതിനർഥമില്ല. എന്നല്ല; നീതിയുടെയും നെറിയുടെയും പരിധിയിൽ പൂർണമായും ഒതുങ്ങി നിൽക്കുവാനേ അവർക്കനുവാദമുള്ളൂ. വിശുദ്ധ ഖുർആൻ അതാണവരെ പഠിപ്പിച്ചിട്ടുള്ളത്: 'ഒരു ജനതയോടുള്ള വിദ്വേഷം നീതി പ്രവർത്തിക്കുന്നതിൽനിന്നും നിങ്ങളെ തടയാതിരിക്കട്ടെ. നീതി പ്രവർത്തിക്കുക; അതാണ് ഭക്തിയുടെ മാർഗത്തോടു ഏറ്റവും അടുത്തത്.'

പക്ഷേ, മുസ്‌ലിമായി എന്ന ഏക കുറ്റത്തിന്റെ പേരിൽ, നിരപരാധരായ മനുഷ്യർ നിഷ്ഠുരമായി വധിക്കപ്പെടുമ്പോൾ, വീടുകളും കടകളും കൊള്ളചെയ്ത് അഗ്നിക്കിരയാക്കപ്പെടുമ്പോൾ, മാതാക്കളും ഭാര്യമാരും സഹോദരിമാരും കൺമുമ്പിൽ വെച്ച് മാനഭംഗം ചെയ്യപ്പെടുമ്പോൾ, മുലകുടിക്കുന്ന കൈക്കുഞ്ഞുങ്ങളുടെ ചുടുരക്തംകൊണ്ട് തെരുവീഥികൾ നിണമണിയുമ്പോൾ, മുസ്‌ലിം രക്തം ഊറ്റിക്കുടിച്ച് മതിമത്തരായി പിശാചുക്കൾ പൊട്ടിച്ചിരിക്കുമ്പോൾ മുസ്‌ലിംകൾ നിഷ്ക്രിയരായി നോക്കിനിന്ന് വിലപിക്കുകയാണെങ്കിൽ ആ വിലാപം കേൾക്കുവാൻ ഇവിടെ കാതുകളില്ലെന്ന കാര്യം ഇനിയും അവർ വിസ്മരിക്കരുത്.

ഇവിടത്തെ ഭൂരിപക്ഷ സമുദായത്തോട് നമുക്ക് വിദ്വേഷമില്ല. അവരിൽ സിംഹഭാഗവും സമാധാനത്തിലും മതസഹിഷ്ണുതയിലും വിശ്വസിക്കുന്നവരാണ്. എന്നാൽ ഭൂരിപക്ഷത്തിന്റെ ഹിതത്തിന് വിപരീതമായി ഒരുപിടി വർഗീയക്കോമരങ്ങൾ സംഘടിതമായും ആസൂത്രിതമായും നടത്തുന്ന കൂട്ടക്കൊലകൾക്കറുതിവരുത്തുന്നതിൽ ഭരണകൂടവും നീതിപീഠവും ഇന്നേവരെ പരാജയപ്പെട്ടിട്ടേയുള്ളൂ. ഇനിയും അത് വിജയിക്കുന്ന ലക്ഷണമൊന്നും കാണുന്നില്ല. അതിനാൽ മുസ്‌ലിംകൾ മിഥ്യയായ ധാരണകൾ കൈയൊഴിച്ച് അവരുടെ ആത്മരക്ഷയെപ്പറ്റി ബോധപൂർവം ചിന്തിക്കണമെന്നേ ഇവിടെ ഉദ്ദേശ്യമുള്ളൂ."

## പെണ്ണായാൽ അവഗണന?

■ *"......നാലുതലമുറക്ക് അനുഭവിക്കാനുള്ള സ്വത്തുണ്ടായിരുന്നു ബാപ്പക്ക്. ആൺമക്കളില്ലാതിരുന്നതിനാൽ അതിൽ കുറേ ബാപ്പയുടെ സഹോദരങ്ങൾക്ക് പോയി. തലതിരിഞ്ഞ ഓരോ നിയമങ്ങള്. മരിച്ചയാൾക്ക് ആൺമക്കളില്ലെങ്കിൽ സ്വത്തിൽ ഓരോ പങ്ക് മരിച്ചയാളുടെ സഹോദരീ സഹോദരങ്ങൾക്ക് പോ*

*കും. ബാപ്പ മരച്ചതിനു ശേഷമാണ് ഇങ്ങനെയൊരു നിയമമുണ്ട് എന്ന് തന്നെ അറിയുന്നത്. ബാപ്പക്ക് രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമായിരുന്നു. എല്ലാവരും കണക്കു പറഞ്ഞ് തന്നെ വാങ്ങി. പെണ്ണായാൽ എവിടെച്ചെന്നാലും അവഗണന തന്നെ!" മുസ്‌ലിം പശ്ചാത്തലത്തിൽ ബി.എം സുഹ്റ എഴുതിയ ഏറ്റവും പുതിയ നോവലിലെ (ആകാശഭൂമികളുടെ താക്കോൽ) ഒരു പരാമർശമാണിത്. ഇത്തരം പരാമർശങ്ങൾ വിശ്വാസികളിൽ സന്ദേഹങ്ങളുണ്ടാക്കാനിടയാക്കില്ലേ, മുസ്‌ലിംകൾ എഴുത്തുകാരാവുമ്പോൾ പ്രത്യേകിച്ചും?*

***നസീറ അശ്റഫ്, മേലെ ചൊവ്വ, കണ്ണൂർ***

**ഇ**സ്‌ലാമിക നിയമങ്ങൾക്ക് ഒരു സാകല്യവും അവ നടപ്പാക്കേണ്ട സവിശേഷ സാഹചര്യങ്ങളും ഉണ്ട്. അതൊന്നും പരിഗണിക്കാതെ മുസ്‌ലിംകളെന്ന് പേരുള്ളവർക്ക് സ്വന്തം താൽപര്യങ്ങളും സൗകര്യങ്ങളും മാത്രം കണക്കിലെടുത്ത് ദുരുപയോഗം ചെയ്യാനുള്ളതല്ല ശരീഅത്ത്. ഇസ്‌ലാം വിഭാവനം ചെയ്യുന്ന കുടുംബജീവിതത്തിൽ ഗൃഹനാഥനായ പുരുഷൻ ഭാര്യാസന്തതികളുടെ മുഴുവൻ ചെലവുകളും ഏറ്റെടുക്കാൻ ബാധ്യസ്ഥനാണ്. അതിനുവേണ്ടി അയാൾ അധ്വാനിക്കണം. പണിയെടുത്തിട്ടും വരുമാനം ആവശ്യങ്ങൾക്ക് തികയാതെവന്നാൽ സ്റ്റേറ്റ് അയാളുടെ രക്ഷക്കെത്തും. ഇതിനായി സമ്പന്നനായ ഓരോ മുസ്‌ലിമും നിർബന്ധപൂർവം പൊതുഖജനാവിൽ അടക്കേണ്ടതാണ് സകാത്ത്. ഈ വ്യവസ്ഥ നേരെ ചൊവ്വെ പുലരുന്ന ഒരു സമൂഹത്തിലും പുരുഷനോ സ്ത്രീയോ ദുരിതമനുഭവിക്കേണ്ട പ്രശ്നമേ ഉത്ഭവിക്കുന്നില്ല. മതേതര സമൂഹങ്ങളിൽ ഇസ്‌ലാമിക സാമൂഹിക-സാമ്പത്തിക രീതിയല്ല നടപ്പിലിരിക്കുന്നത്. അതിനാൽ ഗാർഹിക ജീവിതം മധുരോദരമാക്കാൻ ബാധ്യസ്ഥയായ സ്ത്രീക്ക് അതിന് സാവകാശമോ സമയമോ ലഭിക്കുന്നില്ല. അവൾകൂടി ഉപജീവനം തേടിയാലേ രണ്ടറ്റം മുട്ടിക്കാനാവൂ. അതുപോലെ സ്ത്രീധനം പോലുള്ള മഹാതിന്മകളാൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു. ഭാര്യാസന്തതികളോടുള്ള കടപ്പാടുകൾ പാടേ മറന്ന് പുരുഷൻ ധൂർത്തനും തെമ്മാടിയും മദ്യാസക്തനുമായി ജീവിക്കുന്നു. കുടുംബ ബന്ധങ്ങൾക്ക് ഒരു പവിത്രതയും ഇല്ല. പിതാവിന്റെ സഹോദരങ്ങൾക്കെന്നല്ല, സാക്ഷാൽ പിതാക്കൾക്ക് തന്നെ മക്കളോട് കരുണതോന്നാത്ത ഒട്ടേറെ അനുഭവങ്ങൾ. ഇത്തരമൊരു സാഹചര്യത്തിൽ ഇരുന്ന് ഇസ്‌ലാമിന്റെ അനന്തരാവകാശനിയമത്തെ വിലയിരുത്തുമ്പോഴാണ് നോവലിലെ കഥാപാത്രത്തെപ്പോലുള്ളവർ അതിൽ അനീതി കണ്ടെത്തുന്നത്. അതിന് പരിഹാരം ഇസ്‌ലാമിക നിയമങ്ങളെ വലിച്ചെറിയുകയല്ല. അനന്തരസ്വത്ത് ലിംഗഭേദം കൂടാതെ അവകാശികൾക്കിടയിൽ തുല്യമായി ഓഹരിചെയ്യുന്നതുകൊണ്ടുമാത്രം പ്രശ്നപരിഹാരമോ സാമൂഹികനീതിയോ ഉണ്ടാവാനും പോവുന്നില്ല. ഭാര്യ കഠിനാധ്വാനം ചെയ്തുണ്ടാക്കുന്ന ചില്ലിക്കാശ് പോലും കുടിച്ചുതുലക്കാനും അവളെത്തന്നെ കിരാതമായി മർദിക്കാനും മടിക്കാത്ത ഭർത്താക്കന്മാർ സുലഭമായിരിക്കെ സ്വന്തം പേരിൽ സ്വത്തുള്ളതുകൊണ്ടുമാത്രം സ്ത്രീ രക്ഷപ്പെടുമോ? ശരീഅത്തല്ല, വ്യവസ്ഥിതിയാണ് മാറേണ്ടത്. മാനവിക സംസ്കരണത്തിലൂടെ സമഗ്രമായൊരു ധാർമിക വിപ്ലവം നടക്കാത്തേടത്തോളം കാലം നോവലുകൾ എത്ര എഴുതിയാലും ഇരകൾ പീഡിതരായി തുടരും.

## ന്യൂനപക്ഷത്തിന്റെ ആധിപത്യ സ്വപ്നം

■ *"രാജ്യത്തിന്റെ നിയമവും ഭരണഘടനയും മാറ്റം വരുത്താൻ മുസ്‌ലിംകൾക്ക് സാധിക്കുകയില്ല. കഴിഞ്ഞ കാലങ്ങളിൽ പലവിധ തെറ്റുകൾക്ക് കാരണക്കാരായിരുന്നുവെന്നും വിഭജനത്തിനുത്തരവാദികളായിരുന്നുവെന്നും ആരോപിക്കപ്പെടുന്ന ഒരു ന്യൂനപക്ഷവിഭാഗത്തിന് ഈ ജനാധിപത്യയുഗത്തിൽ ആധിപത്യം ലഭിക്കുക പ്രയാസമാണ്. അനുഗൃഹീതരായ ചുരുക്കം ചില വ്യക്തികൾക്കൊഴികെ. ജനാധിപത്യത്തിൽ ഒരു ന്യൂനപക്ഷ വിഭാഗവും ആധിപത്യം സ്വപ്നം കാണരുത്. ഇന്ത്യയിലെ മുസ്‌ലിംകൾ മുസ്‌ലിം ഭരണം പുനഃസ്ഥാപിക്കുന്നതിനെ കുറിച്ച് ഒരിക്കലും ചിന്തിക്കാൻ പാടില്ല. മുസ്‌ലിം വിരുദ്ധ ശക്തികൾ ആരോപിക്കുന്നതുപോലെയുള്ള അത്തരം തോന്നലുകൾ അകറ്റാൻ കഠിനമായി യത്നിക്കുകയും വേണം" (ശബാബ് വാരിക 2007 ഏപ്രിൽ 6). മുജീബിന്റെ പ്രതികരണം?*

***വി.എം ഉബൈദ്, മൂവാറ്റുപുഴ***

**ജ**നാധിപത്യത്തിന്റെ മൗലികവും പ്രധാനവുമായ സവിശേഷത എത്ര ചെറിയ ആദർശ ഗ്രൂപ്പിനും ആസൂത്രിതവും വ്യവസ്ഥാപിതവും ത്യാഗപൂർണവുമായ ആശയസമരത്തിലൂടെ ജനാഭിപ്രായം രൂപപ്പെടുത്തി അധികാരം കൈയേൽക്കാനാവുമെന്നതാണ്. മുസ്‌ലിംകൾ ഒരു സാമുദായിക വംശീയ വിഭാഗമോ ഇസ്‌ലാം പാരമ്പര്യമതമോ അല്ലെന്ന് വിശ്വസിക്കുകയും അതിനെ മനുഷ്യസമൂഹത്തിന്റെ ഇഹ-പര വിജയത്തിന് നിദാനമായി അവതരിപ്പിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം സംഖ്യാ ബലം പ്രശ്നമേ അല്ല. എത്ര ചെറിയ സംഘങ്ങൾക്കും ആദർശബലത്തിൽ ആധിപത്യം നേടിയെടുക്കാനുള്ള അവസരം ജനാധിപത്യം സൃഷ്ടിക്കുന്നുണ്ട്. മികച്ച ഉദാഹരണമാണ് 1928-ൽ ഈജിപ്തിൽ ശഹീദ് ഹസനുൽബന്നാ ബീജാവാപം ചെയ്ത ഇഖ്‌വാനുൽ മുസ്‌ലിമൂൻ നാമമാത്ര ജനാധിപത്യവാദികളുടെ കടുത്ത അടിച്ചമർത്തൽ നടപടികളെ അതിജീവിച്ച് ഇന്ന് രാജ്യത്തേറ്റവും ജനപിന്തുണയുള്ള പ്രസ്ഥാനമായി വളർന്നത്.

രാഷ്ട്രവിഭജനം മുസ്‌ലിം സാമുദായികതയുടെ അപക്വവും വിവേകരഹിതവുമായ രാഷ്ട്രീയ നീക്കങ്ങളുടെ സ്വാഭാവിക പരിണതിയായിരുന്നു. ആ ദിശയിൽ അന്ന് ചിന്തിച്ചതു തന്നെ അബദ്ധമായിരുന്നു. ഇന്നത് കൂടുതൽ വലിയ അബദ്ധമാണ്. അങ്ങനെ ചിന്തിക്കുന്ന ഏതെങ്കിലും ഗ്രൂപ്പുകൾ പക്ഷേ സമകാലിക ഇന്ത്യയിലുള്ളതായി അറിയില്ല. നിഴൽയുദ്ധം അർഥശൂന്യമാണ്. ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ഉണ്ടെന്ന് പറയുന്ന മുസ്‌ലിം തീവ്രവാദം രണോത്സുക ഹിന്ദുത്വത്തിന്റെ സാമുദായിക പ്രതികരണമാണ്. അത് തീർത്തും തെറ്റായിരിക്കെ, ആധിപത്യമോഹമൊന്നും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതായി കരുതാൻ തെളിവുകളില്ല. രാജ്യത്തെ ഏതെങ്കിലും മുസ്‌ലിം കൂട്ടായ്മ മതരാഷ്ട്രവാദത്തിന്റെ വക്താക്കളല്ല. ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചേടത്തോളം സാമുദായിക ധ്രുവീകരണത്തിനും തജ്ജന്യമായ രാഷ്ട്രവിഭജനത്തിനും അത് തുടക്കം മുതലേ എതിരായിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ ജമാഅത്തെ ഇസ്‌ലാമിയാകട്ടെ മുസ്‌ലിം രാഷ്ട്രീയത്തെയോ പ്രതിരോധ സിദ്ധാന്തത്തെയോ പ്രതിനിധാനം ചെയ്യുന്നില്ല. ഇസ്‌ലാമിന്റെ ആദർശാധിഷ്ഠിത രാഷ്ട്രീയം ഒരിക്കലും സാമുദായികമല്ല; ആധിപത്യമോഹം അതിന്റെ ബലഹീനതയുമല്ല. രാജ്യം മൊത്തമായി സന്മാർഗം സ്വീകരിക്കുമ്പോൾ സംഭവിക്കാവുന്ന രാഷ്ട്രീയ പരിവർത്തനത്തെ പൈശാചിക ശക്തികളല്ലാതെ ഭയപ്പെടേണ്ട കാര്യവുമില്ല.

## ജൂത പ്രതിഭകൾ

■ പ്രബോധനം *36-ാം ലക്കത്തിൽ 'യഹൂദ സ്തുതിയുടെ മറുവശം' എന്ന തലക്കെട്ടിൽ നൽകിയ ഉത്തരം വളരെ സങ്കുചിതമായിപ്പോയി എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. പരിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ, ദൈവം ഏറ്റവും കൂടുതൽ അനുഗ്രഹിച്ച ജനസമൂഹം ജൂതരുടേതാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രപഞ്ചസൃഷ്ടി മുതൽ മറ്റൊരു ജനസമൂഹത്തിനും നൽകാത്ത അനുഗ്രഹമാണ് ആകാശത്തു നിന്ന് ഭക്ഷണം ഇറക്കിക്കൊടുക്കുക എന്നത്. മന്നായും, സൽവയും നൽകിയതിലൂടെ അത്തരം അനുഗ്രഹത്തിനും ഈ സമൂഹം സാക്ഷ്യം വഹിച്ചു. ആൽബർട്ട് ഐൻസ്റ്റീൻ ആപേക്ഷികതാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണ്, ആറ്റം ബോംബിന്റെയല്ല.*

*ദ്രവ്യത്തെ ഊർജമാക്കി പരിവർത്തിപ്പിക്കാം എന്ന അദ്ദേഹത്തിന്റെ കണ്ടുപിടിത്തം മഹത്തരം തന്നെയാണ്. ആയതിന്റെ വളരെ കൂടുതൽ നല്ല വശങ്ങൾ, അനുഭവിക്കുന്നവരാണ് ഇന്നത്തെ മാനവരാശി. മനുഷ്യന്റെ സ്വതഃസിദ്ധമായ മോശം വിവേചനാധികാരത്തിന്റെ ഒരു ഫലം മാത്രമാണ് ആറ്റം ബോംബ്. ഐൻസ്റ്റീന്റെ ഒട്ടുമിക്ക ആത്മകഥകളിലും ഈ കാര്യം നമുക്ക് മനസ്സിലാവുന്നതാണ്.*

*കാൾ മാർക്സ് മുന്നോട്ടുവെച്ചത് ഒരു പ്രത്യയശാസ്ത്രമാണെന്ന് അഭിപ്രായമില്ല. പക്ഷേ, വ്യാവസായിക വിപ്ലവം ജീർണമാക്കിയ ജർമൻ സമൂഹത്തെ മുന്നിൽകണ്ട്, തൊഴിലാളി സമൂഹത്തിന്റെ നന്മക്ക് വേണ്ടിയുള്ള തികച്ചും ആത്മാർഥമായ ശ്രമമായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ. പിന്നെ ഒരു മനുഷ്യസൃഷ്ടിയായതിനാൽ അതിന്റേതായ അപചയങ്ങൾ അതിനും സംഭവിച്ചു എന്നു മാത്രം. സിഗ്മണ്ട് ഫ്രോയ്ഡ്, അറബ്-ഇസ്രയേൽ യുദ്ധം എന്നീ കാര്യങ്ങളിൽ മുജീബിന്റെ വിശകലനങ്ങളോട് പൂർണമായും യോജിക്കുന്നു. എന്നാൽ ഒരു സമൂഹം ജീർണിച്ചു എന്ന ഒറ്റക്കാരണത്താൽ കാടടച്ച് വെടിവെക്കുന്നത് ഉചിതമാണോ?*

***ആർ. ഷിബു, കുമ്പളം***

**ച**രിത്രത്തിൽ യഹൂദ സമുദായത്തിൽ പിറന്നവരെല്ലാം ദുഷ്ടന്മാരും തിന്മയുടെ പ്രതീകങ്ങളും ആയിരുന്നു എന്ന് *മുജീബി*ന് അഭിപ്രായമില്ലെന്നു മാത്രമല്ല അങ്ങനെ കരുതാൻ ഖുർആൻ അനുവദിക്കുന്നുമില്ല. അല്ലാഹു തെരഞ്ഞെടുത്ത സമൂഹമായിരുന്ന ഇസ്രാഈല്യരിൽ അനേകായിരം പ്രവാചകന്മാരും അവരുടെ നല്ലവരായ അനുയായികളും ഉണ്ടായിരുന്നിട്ടുണ്ട്. ഫറോവയുടെ കൊടുംപീഡനം വകവെക്കാതെ സത്യവിശ്വാസം മുറുകെപ്പിടിച്ചവരെപറ്റി ഖുർആൻ പറയുന്നുണ്ട്. പക്ഷേ, പ്രവാചകന്മാരെ തള്ളിക്കളയുകയും വേദഗ്രന്ഥങ്ങൾ തിരുത്തുകയും തിന്മകളുടെ പക്ഷത്ത് നിലയുറപ്പിക്കുകയും ചെയ്തവരും അവരിലുണ്ടായിരുന്നു. മൂസാ(അ)യും മറ്റനേകം മഹാത്മാക്കളും കാണിച്ച നേർപാതയിൽനിന്ന് യഹൂദർ വ്യതിചലിക്കുകയും ദൈവിക സന്മാർഗത്തെ ഒരു വംശീയ മതമാക്കി മാറ്റുകയും യഹൂദേതര സമുദായങ്ങളെ നീചരും നികൃഷ്ടരുമായി കരുതുകയും ചെയ്തപ്പോഴാണ് അവരെ ഖുർആൻ ശപിച്ചത്.

ഐൻസ്റ്റീൻ എത്രവലിയ ശാസ്ത്രജ്ഞനായിരുന്നെങ്കിലും തന്റെ കണ്ടുപിടിത്തം ഏറ്റവും സംഹാരശക്തിയുള്ള അണുബോംബിന് ജന്മം നൽകുന്നത് തടയാൻ അദ്ദേഹത്തിന് സാധിച്ചില്ല. അതിനുള്ള ധാർമിക ശക്തിയും അദ്ദേഹം പ്രദർശിപ്പിച്ചില്ല. മാത്രമല്ല, ഫലസ്ത്വീനിൽ അന്യായമായും അനീതിപരമായും ജൂതരാഷ്ട്രത്തിന്റെ സൃഷ്ടിക്കുവേണ്ടി സയണിസ്റ്റുകളോടൊപ്പം അദ്ദേഹം പണിയെടുക്കുകയും ചെയ്തു. മാർക്സിസത്തിന് ജന്മം നൽകിയ സാഹചര്യത്തെ എത്ര ശക്തമായി ന്യായീകരിച്ചാലും ഈശ്വരനെയും മതത്തെയും സദാചാരത്തെയും മൗലികമായിത്തന്നെ നിരാകരിക്കുന്ന കേവല ഭൗതിക സിദ്ധാന്തങ്ങളാണ് മാർക്സ് മുന്നോട്ടുവെച്ചതെന്ന സത്യം നിഷേധിക്കാനാവില്ല. തന്റെ സിദ്ധാന്തങ്ങളെ പ്രയോഗവൽക്കരിക്കാൻ ഭീകര രക്തച്ചൊരിച്ചിലിന്റെ വഴിയും മാർക്സ് നിരാകരിച്ചില്ല. അതിനാൽ ചോരച്ചാലുകളിലൂടെ സോവിയറ്റ് യൂനിയൻ ജന്മമെടുത്തതും മുക്കാൽ നൂറ്റാണ്ട് നീണ്ട പരീക്ഷണം മനുഷ്യത്വവിരുദ്ധ നിലപാടുകളുടെ പേരിൽ തകർന്നടിഞ്ഞതും മാപ്പർഹിക്കാത്ത കുറ്റങ്ങളാണ്. മാർക്സിന്റെ പ്രതിഭ അദ്ദേഹത്തിന്റെ യഹൂദ പശ്ചാത്തലത്തോട് കടപ്പെട്ടതാണെങ്കിൽ അദ്ദേഹം ലോകത്തിന് സമ്മാനിച്ച തിന്മയുടെ ഉത്തരവാദിത്വവും ജൂതായിസം ഏറ്റെടുക്കണമെന്നതാണ് *മുജീബ്* നൽകിയ മുൻമറുപടിയുടെ ചൈതന്യം. അല്ലെങ്കിൽ യഹൂദരുടെ നേട്ടങ്ങളുടെ പട്ടികയിൽ ഐൻസ്റ്റീൻ, കാൾമാർക്സ് പോലുള്ളവരെ ഉൾപ്പെടുത്തരുത്.

## ഭർത്താവിന്റെ വാശി

■ *ഞാനും എന്റെ ഭർത്താവും കുടുംബ പ്രശ്നങ്ങളടക്കം എല്ലാ പ്രശ്നങ്ങളിലും കാര്യങ്ങൾ ഒന്നിച്ചിരുന്ന് ചർച്ച ചെയ്താണ് തീരുമാനം എടുക്കാറുള്ളത്. ബന്ധുക്കളിൽനിന്നോ സുഹൃത്തുക്കളിൽനിന്നോ വല്ല തെറ്റുകളും സംഭവിച്ചാൽ അദ്ദേഹം കർശനമായ നടപടികളാണ് സ്വീകരിക്കാറുള്ളത്. അവരോട് ക്ഷമിക്കുമെങ്കിലും പിന്നീട് അവരോടുള്ള നിലപാടുകളിൽ 'ഒരു മാളത്തിൽനിന്ന് ഒരു മുസ്‌ലിമിനെ ഒന്നിലധികം പ്രാവശ്യം പാമ്പ് കടിക്കില്ല' എന്ന ഹദീസ് വെച്ച് കാർക്കശ്യം തുടരാറുണ്ട്. ഇതിൽ ഞാൻ വളരെയധികം ദുഃഖിതയാണ്. എന്താണൊരു പ്രതിവിധി?*

***ഉമ്മു മുസ്സമ്മിൽ, തിരൂർ***

**മ**നുഷ്യർ ഖനിജങ്ങളെപ്പോലെയാവുന്നു. അവരിൽ ജാഹിലിയ്യത്തിൽ ഉത്തമരായിരുന്നവരാണ് ഇസ്‌ലാമിലും ഉത്തമരാവുക എന്ന് നബി(സ) ചൂണ്ടിക്കാട്ടിയത് വെറുതെയല്ല. മനുഷ്യന്റെ അടിസ്ഥാന സ്വഭാവവും പ്രകൃതിയും മാറ്റാൻ ഒരാദർശത്തിനും കഴിയില്ല; താരതമ്യേന മെച്ചപ്പെടുത്താനേ സാധിക്കൂ. ചോദ്യകർത്താവിന്റെ ജീവിതപങ്കാളി അന്യരുടെ തെറ്റുകൾ ക്ഷമിക്കുന്നതു തന്നെ നല്ല കാര്യമാണ്. മറ്റു പലർക്കും ആ ഗുണം പോലുമില്ല. കാർക്കശ്യവും ശാഠ്യവും പ്രകൃതിയുടെ ഭാഗമായവരെ ഒരു പരിധിവരെ മാത്രമേ തിരുത്താനാവൂ. സമൂഹത്തെ മൊത്തമായെടുത്താൽ അതൊക്കെ വേണ്ടുന്ന ഗുണങ്ങളാണു താനും. എല്ലാവരും വിശാല വിട്ടുവീഴ്ചക്കാരും ഉദാരമനസ്കരും ആയിരുന്നാൽ ഒരു കാര്യവും കണിശമായി നടക്കില്ല. എന്നാലും 'വിട്ടുവീഴ്ച ചെയ്യുക, നന്മ കൽപിക്കുക, അവിവേകികളിൽനിന്ന് തിരിഞ്ഞുകളയുക' എന്ന ഖുർആൻ വചനം എല്ലാ വിശ്വാസികൾക്കും ബാധകമാണ്. 'താങ്കൾ കർക്കശമനസ്കനായ പരുഷസ്വഭാവി ആയിരുന്നെങ്കിൽ അവർ നിന്നെ വിട്ടുപോയേനെ' എന്ന് നബി തിരുമേനി(സ)യോട് അല്ലാഹു പറഞ്ഞതും മറക്കരുത്. വിശ്വാസിക്ക് രണ്ടുതവണ ഒരേ മാളത്തിൽനിന്ന് കടിയേൽക്കുകയില്ല എന്ന പ്രവാചകവചനം തീർത്തും ശരിതന്നെ. സ്വയം വീണ്ടും വീണ്ടും വഞ്ചിതരാവരുത് എന്നേ അതിന് അർഥമുള്ളൂ. മനഃപൂർവമായ വിട്ടുവീഴ്ചക്കത് തടസ്സമല്ല. പലതവണ തന്നെ പീഡിപ്പിച്ച കൊടിയ മുനാഫിഖുകളെ പോലും നബി(സ) ശിക്ഷിച്ചില്ലല്ലോ. ■